## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1740 — 04.10.2011-ൽ മറുപടിയ്ക്ക്

### സമ്പൂർണ്ണ വൈദ്യുതീകരണത്തിന് മുൻഗണന.*

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലങ്ങളിൽ തുടർന്നും അപേക്ഷകളിൽ കുടിശ്ശിക വരുത്താതെ നിശ്ചിത സമയപരിധിക്കുള്ളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകി അതുവഴി സമ്പൂർണ്ണത എന്നും നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇലക്ട്രിസിറ്റി സപ്ളൈ കോഡ് 2005 പ്രകാരം, വൈദ്യുതി കണക്ഷന് ആവശ്യമുള്ള ചെലവ് ഉപഭോക്താക്കൾ അടയ്ക്കേണ്ടതാണ്. ഇങ്ങനെ തുക അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് കണക്ഷനുകൾ കാലതാമസമില്ലാതെ നൽകുന്നുണ്ട്.<br>ഇതിനു പുറമേ ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ടാർജറ്റ് തീയതിക്കുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ബോർഡ് വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. ഇപ്പോഴത്തെ ടാർജറ്റ് തീയതി 31-03-2011 ആണ്.<br>ബി.പി.എൽ, എസ്.സി/എസ്.ടി എന്നീ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് ടാർജറ്റ് തീയതി |

ബാധകമല്ല. ഇവർക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് തന്നെ കണക്ഷൻ നൽകുന്നുണ്ട്.

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന സ്കീമനുസരിച്ച് BPL കുടുംബങ്ങൾക്ക് പൂർണ്ണമായും കണക്ഷൻ നൽകാനുള്ള നടപടികൾ നടന്നു വരുന്നു. ഇതോടെ കേരളത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർണമാക്കാൻ കഴിയുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.